1. **Oooril oru Dinam - Tribal Adhalath – Thrissur**

Ooril oru dinam tribal adhalath conducted at Vazhachal on 25.08.2016 for Mukkampuzha, Vazhachal, Pokalappara, Peringalkuthu, Vachumaram, Thavalakuzhippara and Anakkayam ST Colonies. 230 members were participated. 32 Departments involved in the adhalath.District collector presided the adhalath, MLA Inaugurated, block panchayath president and other elected representatives, ST promoters, Oorumooppanand other departmental officials were participated







**Presided by District Collector** **Inaugurated by Chalakudy MLA**





**Ooril Oru dinam - Participants**







**Speech by DLSA –Sub Judge**




# Tribal School Visit　　　　Tribal Hostel Visit

**<u>News paper Cuttings</u>**



8 RX TCR നാട്ടുവർത്തമാനം
2016 • ആഗസ്റ്റ് 27
www.mathrubhumi.com

## ‘ഊരിൽ ഒരു ദിനം’; ആസ്പത്രി കൂട്ടിരിപ്പുകാർക്ക് പ്രതിദിനം 200 രൂപ

തൃശ്ശൂർ: ഊരുകളിൽനിന്ന് ആസ്പത്രികളിൽ കിടത്തി ചികിത്സക്കായി വരുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് പ്രതിദിനം 200 രൂപ നൽകുമെന്ന് പട്ടികവർഗ്ഗ വകുപ്പ്. കൂട്ടിരിപ്പുകാർ ഇല്ലാത്തതിനാൽ രോഗികൾ ചികിത്സ തേടാതെ ഊരുകളിൽ മരണമടയുന്ന സാഹചര്യത്തിലാണ് ഈ തീരുമാനം.

പട്ടികവർഗ്ഗ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ മിഷൻ വാഴച്ചാലിൽ സംഘടിപ്പിച്ച പട്ടികവർഗ്ഗ അദാലത്ത് ഊരിൽ ഒരു ദിനം പരിപാടിയിലേതാണ് തീരുമാനം. ബി.ഡി. ദേവസ്സി എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ജില്ലാ കളക്ടർ ഡോ. എ. കൗശിഗൻ അധ്യക്ഷനായി.

അസിസ്റ്റന്റ് കളക്ടർ കൃഷ്ണ തേജ്, ലീഗൽ അതോറിറ്റി സെക്രട്ടറി സബ് ജഡ്ജ് പി. മുജീബ് റഹ്മാൻ, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീജ എന്നിവർ സംസാരിച്ചു.

വാഴച്ചാൽ, പൊകലപ്പാറ, പെരിങ്ങൽകുത്ത്, മുക്കംപുഴ, വാച്ചുമരം, തവളക്കുഴിപ്പാറ, ആനക്കയം ഊരുകളിലെ മൂപ്പൻമാർ, നിവാസികൾ, വിവിധ ജനപ്രതിനിധികൾ, വിവിധ വകുപ്പ് മേധാവികൾ, എസ്.ടി. പ്രമോട്ടേഴ്സ് എന്നിവർ അദാലത്തിൽ പങ്കെടുത്തു.

സ്ഥലം ലഭ്യമല്ലാത്തതിനാൽ അങ്കണവാടികൾ ഇല്ലാത്ത മുക്കംപുഴ, തവളക്കുഴിപ്പാറ, വാച്ചുമരം, പെരിങ്ങൽകുത്ത് ഊരുകളിൽ അങ്കണവാടികൾക്ക് സ്ഥലം വിട്ടുനൽകുമെന്ന് ചാലക്കുടി ഡി.എഫ്.ഒ. അദാലത്തിൽ ഉറപ്പ് നൽകി. മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളും പരിശോധനയും കർശനമാക്കാൻ ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

ഊരുകളെ മദ്യവിമുക്ത മേഖലയാക്കാൻ സുബോധം പരിപാടി വഴി ഡി-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിന് നടപടിയെടുക്കുമെന്ന് കളക്ടർ പറഞ്ഞു.

മുക്കംപുഴ കോളനിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 29 ന് പ്രത്യേക അടിയന്തരയോഗം ചേരാൻ ധാരണയായി. തവളക്കുഴിപ്പാറ ഊരിലേക്ക് 11 കെ.വി. വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കാൻ പട്ടികവർഗ്ഗ വകുപ്പിന് കളക്ടർ നിർദ്ദേശം നൽകി.

വാഴച്ചാൽ കോളനിയിലെ വീട്ടു നമ്പർ ലഭിക്കാത്ത 13 വീടുകൾക്ക് യു.എൽ. നമ്പർ നൽകും. കോളനികൾക്ക് അകത്തേക്കുള്ള അന്യരുടെയും അപരിചിതരുടെയും കടന്നുകയറ്റം നിയന്ത്രിക്കാൻ വനം വകുപ്പിനെ ചുമതലപ്പെടുത്തി.

കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി. അബ്ദുൾ മജീദ് സ്വാഗതവും അതിരപ്പിള്ളി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് തങ്കമ്മ വർഗ്ഗീസ് നന്ദിയും പറഞ്ഞു.

വാഴച്ചാലിൽ ആദിവാസികൾക്കായുള്ള അദാലത്ത് ബി.ഡി. ദേവസ്സി എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

### റാണി പോൾ അനുസ്മരണം

കൊരട്ടി: ഗ്രാമപ്പഞ്ചായത്തംഗവും മഹിളാ കോൺഗ്രസ് ജനറൽ സെക്രട്ടറിയുമായിരുന്ന റാണി പോളിനെ അനുസ്മരിച്ചു.

മംഗളം ദിനപത്രം - 27/8/2016



## ഊരിൽ ഒരു ദിനം

# ആശുപത്രി കൂട്ടിരിപ്പുകാർക്ക് പ്രതിദിനം 200 രൂപ

തൃശൂർ: ഊരുകളിൽ നിന്നും ആശുപത്രികളിൽ കിടത്തി ചികിത്സയ്ക്കു വരുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് പ്രതിദിനം 200 രൂപ നൽകുമെന്ന് പട്ടികവർഗവകുപ്പ്. കൂട്ടിരിപ്പുകാർ ഇല്ലാത്തതിനാൽ രോഗികൾ ചികിത്സ തേടാതെ ഊരുകളിൽ മരിക്കുന്ന സാഹചര്യത്തിലാണ് തീരുമാനം. പട്ടികവർഗ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ മിഷൻ വാഴച്ചാലിൽ സംഘടിപ്പിച്ച പട്ടികവർഗ അദാലത്ത് 'ഊരിൽ ഒരു ദിനം' അദാലത്തിലാണ് തീരുമാനം.

ചാലക്കുടി എം.എൽ.എ. ബി.ഡി. ദേവസി ഉദ്ഘാടനം ചെയ്തു. കലക്ടർ ഡോ. എ. കൗശിഗൻ അധ്യക്ഷനായി. അസിസ്റ്റന്റ് കലക്ടർ കൃഷ്ണ തേജ്, ലീഗൽ അഥോറിറ്റി സെക്രട്ടറി സബ് ജഡ്ജ് പി. മുജീബ് റഹ്മാൻ, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീജ എന്നിവർ പ്രസംഗിച്ചു.

വാഴച്ചാൽ, പൊകലപ്പാറ, പെരിങ്ങൽകുത്ത്, മുക്കംപുഴ, വാച്ചുമരം, തവളക്കുഴിപ്പാറ, ആനക്കയം എന്നീ ഊരുകളിലെ മൂപ്പൻമാർ, നിവാസികൾ, ജനപ്രതിനിധികൾ, വകുപ്പ് മേധാവികൾ, എസ്.ടി. പ്രമോട്ടേഴ്സ് എന്നിവർ പങ്കെടുത്തു. സ്ഥലം ലഭ്യമല്ലാത്തതിനാൽ അങ്കൻവാടികൾ ഇല്ലാത്ത മുക്കംപുഴ, തവളക്കുഴിപ്പാറ, വാച്ചുമരം, പെരിങ്ങൽകുത്ത് ഊരുകളിൽ അങ്കൻവാടികൾക്ക് സ്ഥലം വിട്ടുനൽകുമെന്ന് ചാലക്കുടി ഡി.എഫ്. ഒ. ഉറപ്പ് നൽകി. മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളും പരിശോധനയും കർശനമാക്കാൻ കലക്ടർ നിർദേശം നൽകി. ഊരുകളെ മദ്യ വിമുക്ത മേഖലയാക്കാൻ സുബോധം പരിപാടി വഴി ഡീ-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിന് നടപടിയെടുക്കും. ഊരുകളിൽ വഴി വിളക്കുകൾ സ്ഥാപിക്കാനും ശൗചാലയങ്ങൾ നിർമിക്കാനും ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കും. റേഷൻ കാർഡ് ഇല്ലാത്തവർക്ക് താൽക്കാലിക റേഷൻ കാർഡ് ലഭ്യമാക്കും.

മുക്കംപുഴ കോളനിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 29 ന് പ്രത്യേക യോഗം ചേരും. തവളക്കുഴിപ്പാറ ഊരിലേക്ക് 11 കെ.വി. വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള പ്രോജക്ട് തയാറാക്കാൻ പട്ടികവർഗ വകുപ്പിന് കലക്ടർ നിർദേശം നൽകി. വാഴച്ചാൽ കോളനിയിലെ വീട്ടുനമ്പർ ലഭിക്കാത്ത 13 വീടുകൾക്ക് യു.എൽ. നമ്പർ നൽകും. കോളനികൾക്ക് അകത്തേക്കുള്ള അന്യരുടെയും അപരിചിതരുടെയും കടന്നുകയറ്റം നിയന്ത്രിക്കാൻ വനം വകുപ്പിനെ ചുമതലപ്പെടുത്തി. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി. അബ്ദുൾ മജീദ്, അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തങ്കമ്മ വർഗീസ് എന്നിവർ നേതൃത്വം നൽകി.

കേരള കൗമുദി 27/8/2016

## ഊരിൽ നിന്നും വരുന്ന ആശുപത്രി കൂട്ടിരിപ്പുകാർക്ക്

# പ്രതിദിനം 200 രൂപ

തൃശ്ശൂർ: ഊരുകളിൽ നിന്നും ആശുപത്രികളിൽ കിടത്തി ചികിത്സക്കായി വരുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് പ്രതിദിനം 200 രൂപ നൽകുമെന്ന് പട്ടികവർഗ വകുപ്പ്. കൂട്ടിരിപ്പുകാർ ഇല്ലാത്തതിനാൽ രോഗികൾക്ക് ചികിത്സ തേടാതെ ഊരുകളിൽ മരണമടയുന്ന സാഹചര്യത്തിലാണ് ഈ തീരുമാനം.

കുടുംബശ്രീ മിഷൻ വാഴച്ചാലിൽ സംഘടിപ്പിച്ച പട്ടികവർഗ അദാലത്ത് ഊരിൽ ഒരു ദിനം പരിപാടിയിലേതാണ് തീരുമാനം. ബി.ഡി. ദേവസി എം.എൽ.എ ഉദ്ഘാടനം ചെയ്തു. കളക്ടർ ഡോ. എ. കൗശിഗൻ അദ്ധ്യക്ഷനായി. അസിസ്റ്റന്റ് കളക്ടർ കൃഷ്ണതേജ്, ലീഗൽ അതോറിറ്റി സെക്രട്ടറി സബ് ജഡ്ജ് പി. മുജീബ് റഹ്മാൻ, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീജ എന്നിവർ സംസാരിച്ചു. വാഴച്ചാൽ, പൊകലപ്പാറ, പെരിങ്ങൽകുത്ത്, മുക്കംപുഴ, വാച്ചുമരം, തവളക്കുഴിപ്പാറ, ആനക്കയം, ഊരുകളിലെ മൂപ്പൻമാർ, നിവാസികൾ, വിവിധ ജനപ്രതിനിധികൾ തുടങ്ങിയവർ അദാലത്തിൽ പങ്കെടുത്തു.

മുക്കംപുഴ കോളനിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ മാസം 29 ന് പ്രത്യേക അടിയന്തര യോഗം ചേരാൻ ധാരണയായി.

കോളനികൾക്ക് അകത്തേക്കുള്ള അന്യരുടെയും അപരിചിതരുടെയും കടന്നുകയറ്റം നിയന്ത്രിക്കാൻ വനം വകുപ്പിനെ ചുമതലപ്പെടുത്തി. കുടുംബശ്രീ ജില്ലാ മിഷൻ കോ- ഓർഡിനേറ്റർ പി. അബ്ദുൾ മജീദ് സ്വാഗതവും അതിരപ്പിള്ളി പഞ്ചായത്ത് പ്രസിഡന്റ് തങ്കമ്മ വർഗീസ് നന്ദിയും പറഞ്ഞു.

### മറ്റ് തീരുമാനങ്ങൾ

മുക്കംപുഴ, തവളക്കുഴിപ്പാറ, വാച്ചുമരം, പെരിങ്ങൽകുത്ത് ഊരുകളിൽ അംഗൻവാടികൾക്ക് സ്ഥലം വിട്ടുനൽകും.

മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ കർശനമാക്കും.

ഊരുകളെ മദ്യ വിമുക്ത മേഖലയാക്കാൻ സുബോധം പരിപാടി വഴി ഡീ-അഡിക്ഷൻ സെന്റർ

ഊരുകളിൽ വഴി വിളക്കുകൾ സ്ഥാപിക്കാനും ശൗചാലയങ്ങൾ നിർമ്മിക്കാനും പഞ്ചായത്ത് പദ്ധതികൾ.

കുടുംബശ്രീ, അക്ഷയകേന്ദ്രം എന്നിവയുടെ സഹകരണത്തോടെ ആധാർ, ഇലക്ഷൻ ഐ.ഡി. കാർഡുകൾ.

റേഷൻ കാർഡ് ഇല്ലാത്തവർക്ക് താൽക്കാലിക റേഷൻ കാർഡ്

തവളക്കുഴിപ്പാറ ഊരിലേക്ക് 11 കെ.വി. വൈദ്യുതി ലൈൻ വലിക്കുന്നതിന് പദ്ധതി തയ്യാറാക്കും.

വാഴച്ചാൽ കോളനിയിലെ വീട്ടുനമ്പർ ലഭിക്കാത്ത 13 വീടുകൾക്ക് യു.എൽ. നമ്പർ.

മെട്രോ വാർത്ത 27/8/2016

Registered No. KL/EKM/698/2013-15 TCR Saturday 27 August 2016 METRO VAARTHA

# ആദിവാസി ജീവിതം അടുത്തറിഞ്ഞ് അദാലത്ത്

സ്വന്തം ലേഖകൻ

തൃശൂർ: ആദിവാസികളുടെ ജീവിതം അടുത്തറിഞ്ഞ് ഊരിൽ ഒരു ദിനം പട്ടികവർഗ അദാലത്ത്. പട്ടികവർഗ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ അദാലത്ത് സംഘടിപ്പിച്ചത്.

ബി.ഡി. ദേവസി എംഎൽഎ, ജില്ലാ കലക്റ്റർ ഡോ.എ. കൗശിഗൻ, ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി സബ് ജഡ്ജ് പി.മുജീബ് റഹ്മാൻ എന്നിവർ നേതൃത്വം നൽകി. ജില്ലയിലെ 32 വകുപ്പുകൾ, വിവിധ ജനപ്രതിനിധികൾ, അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാഴച്ചാൽ, പൊകലപ്പാറ, പെരിങ്ങൽകൂത്ത്, മുക്കംപുഴ, വാച്ചുമരം, തവളക്കുഴിപ്പാറ, ആനക്കയം എന്നീ ഏഴ് ഊരുകളിലെ ഊരു നിവാസികൾ എന്നിവർ അദാലത്തിൽ പങ്കെടുത്തു.

അദാലത്ത് നടത്തുന്നതിന്റെ ഭാഗമായി ഒരു മാസത്തിലധികമായി കുടുംബശ്രീ ഓരോ ഊരുകളിൽ നേരിട്ടു യോഗങ്ങൾ നടത്തുകയും അവരുടെ പ്രശ്നങ്ങൾ കണ്ടറിയുകയും ചെയ്യുന്നതിന്റെ ഭാഗമായാണ് അദാലത്ത് സംഘടിപ്പിച്ചത്. കുടുംബശ്രീ, പൊലീസ്, എക്സൈസ്, വനം, ഹോമിയോ, അലോപ്പതി, ആയുർവേദം, വിദ്യാഭ്യാസം, ട്രൈബൽ ഡിപ്പാർട്ട്മെന്റ്, എംപ്ലോയ്മെന്റ്, അഗ്രികൾച്ചർ, റവന്യൂ, പഞ്ചായത്ത്, സിവിൽ സപ്ലൈസ്, ലേബർ, ക്ഷീര വികസനം, മണ്ണു സംരക്ഷണം, അനർട്ട്, സഹകരണം, കോളെജ് വിദ്യാഭ്യാസം, സാമൂഹ്യ നീതി, മൃഗസംരക്ഷണം, കെഎസ്ഇബി, വാട്ടർ അതോറിറ്റി, ഡിഐസി തുടങ്ങിയ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ പങ്കെടുത്തു. ഏഴ് ഊരുകളിൽ നിന്നായി 200-ഓളം ഊരുനിവാസികൾ ഏഴ് ഊരുകളിലെ ഊരു മൂപ്പന്മാർ, എസ്ടി പ്രൊമോട്ടേഴ്സ് എന്നിവർ അദാലത്തിൽ പങ്കെടുത്തു. ഓരോ ഊരിനെയും പ്രതിനിധീകരിച്ച് ഊരു മൂപ്പൻ, ഊരു മൂപ്പത്തി, എസ്ടി പ്രൊമോട്ടേഴ്സ് എന്നിവർ അവരുടെ ഊരുകളിലെ പ്രശ്നങ്ങൾ നേരിട്ട് കലക്റ്റർക്കു സമർപ്പിക്കുകയും പരമാവധി പ്രശ്നങ്ങൾക്ക് ഉടൻ നടപടിയെടുക്കുകയും ചെയ്തു.

മുക്കംപുഴ കോളനിയിലെ മദ്യം, മയക്കുമരുന്ന് ഉപയോഗം കൂടുന്നതിന്റെയും ഊരിൽ നിന്നും മാറി താമസിക്കുന്നവരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പൊലീസ്, വനം വകുപ്പ്, പഞ്ചായത്ത്, ട്രൈബൽ ഡിപ്പാർട്ട്മെന്റ്, ഡിഎൽഎസ്എ, എംഎൽഎ എന്നിവർ ചേർന്നുള്ള അടിയന്തര യോഗം നടത്തും. പരിപാടിക്കു ശേഷം വാഴച്ചാൽ ഊരുകളിലെ വീടുകളും ട്രൈബൽ സ്കൂൾ, ഹോസ്റ്റൽ എന്നിവ സബ്ജഡ്ജ്, അസിസ്റ്റന്റ് കലക്റ്റർ എന്നിവരുടെ നേതൃത്വത്തിൽ സന്ദർശിക്കുകയും നിലവിലെ അവസ്ഥ വിലയിരുത്തുകയും ചെയ്തു.

- മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ഒഴുക്ക് കുറയ്ക്കുന്നതിന് കാര്യക്ഷമമായ പരിശോധന.
- മലക്കാപ്പറ ഭാഗത്തു നിന്നുള്ള വാഹനങ്ങളിൽ പരിശോധന നിർബന്ധമാക്കും
- പ്രാദേശികമായി ഡി അഡിക്ഷൻ സെന്ററുകൾ തുടങ്ങും
- കോളനികളെ ലക്ഷ്യമിട്ട് മദ്യനിരോധന ബോധവത്കരണ ക്ലാസ്
- ഫണ്ട് അനുവദിച്ച ആംഗൻവാടികൾക്കായി ഡിഎഫ്ഒ സ്ഥലം വിട്ടു നൽകും
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാൻ സെപ്റ്റംബർ ഒന്നിന് 11ന് വാഴച്ചാലിൽ ക്യാംപെയ്ൻ സംഘടിപ്പിക്കും.
- സാക്ഷരതാ പ്രോഗ്രാമിന്റെ ചുമതല കുടുംബശ്രീക്ക്. ഫണ്ട് വനംവകുപ്പ് നൽകും.
- താത്കാലിക റേഷൻകാർഡ് ലഭ്യമാക്കാൻ നടപടി
- ഊരുകളിലേക്ക് വിനോദ സഞ്ചാരികൾ കടന്നു കയറുന്നതു തടയാൻ തൊഴിലുറപ്പിന്റെ സഹകരണത്തോടെ ചുറ്റുമതിൽ നിർമിക്കും
- വീട്ടു നമ്പർ ലഭിക്കാത്ത 13 വീടുകൾക്ക് യുഎൽ നമ്പർ നൽകും
- കിടത്തി ചികിത്സ വേണ്ടി വരുന്ന രോഗികളുടെ കൂട്ടിരിപ്പിന് വരുന്നവർക്ക് പ്രതിദിനം 200 രൂപ നൽകും

---



പടിയിറങ്ങിയ അതിരപ്പിള്ളി മുക്കം പുഴ കോളനി നിവാസികൾ ഊരിൽ തിരിച്ചെത്തിയപ്പോൾ.

# 'പ്രശ്നങ്ങൾ പരിഹരിക്കും'; കാടു കയറിയ കോളനി നിവാസികൾ തിരിച്ചെത്തി

അതിരപ്പിള്ളി ● മദ്യപന്മാരുടെ ശല്യം സഹിക്കവയ്യാതെ കാട്ടിലേക്ക് പലായനം ചെയ്ത വാഴച്ചാൽ വനമേഖലയിലെ മുക്കം പുഴ കോളനി നിവാസികൾ ഊരിൽ തിരിച്ചെത്തി. ഊരുമൂപ്പൻ രാമചന്ദ്രനും സംഘവും വീടുകളിൽ താമസമാരംഭിച്ചു. ഇവർക്കു കാട്ടിലേക്കു പോകേണ്ടി വന്നതിനെക്കുറിച്ചു മനോരമ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു.

വാഴച്ചാലിൽ നടന്ന അദാലത്തിൽ കോളനിയിലെ പ്രശ്നങ്ങൾ എത്രയും വേഗത്തിൽ പരിഹരിക്കാൻ അധികൃതർക്ക് നിർദേശം നൽകിയിരുന്നു.

വാഴച്ചാൽ ഡിഎഫ്ഒ എൻ രാജേഷിന്റെ നേതൃത്വത്തിൽ റേഞ്ച് ഫോറസ്റ്റ് ഓഫിസർ ശ്രീദേവി മധുസൂദനനും വനപാലകരും ഊരുവിട്ടിറങ്ങിയവരെ കോളനിയിലെ വീടുകളിലേക്ക് തിരികെ എത്തിക്കുകയായിരുന്നു. കഴിഞ്ഞ ദിവസം കോളനിയിൽ ലീഗൽ അതോറിറ്റി സെക്രട്ടറി സബ് ജഡ്ജ് പി. മുജീബ് റഹ്മാന്റെ സാന്നിധ്യത്തിൽ നടന്ന പ്രശ്നപരിഹാര യോഗത്തിൽ കോളനിക്കാർ ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു.

മദ്യവിമുക്തി നേടുവാൻ താത്പര്യമുള്ളവർക്ക് ചികിത്സാ സഹായം ഏർപ്പെടുത്താനും കേടുപാടുകൾ സംഭവിച്ചിരിക്കുന്ന വീടുകളുടെ അറ്റകുറ്റപ്പണികൾ ഉടൻ തീർക്കാനും തീരുമാനമായി ട്ടുണ്ട്. റോഡ്, അങ്കണവാടി, കമ്യൂണിറ്റി ഹാൾ തുടങ്ങിയവ നിർമിക്കുന്നതിന് അനുമതി ആയതായും ഡിഎഫ്ഒ അറിയിച്ചു. പുറമെ നിന്നുള്ളവർക്കു കോളനിയിലേക്കുള്ള പ്രവേശനാനുമതി നിഷേധിച്ചു.

ലീഗൽ അതോറിറ്റി സബ് ജഡ്ജ് പി.മുജീബ് റഹ്മാൻ പ്രശ്നപരിഹാര യോഗം ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡണ്ട് തങ്കമ്മ വർഗീസ് അധ്യക്ഷത വഹിച്ചു.

ഡിഎഫ്ഒ എൻ.രാജേഷ്, റേഞ്ച് ഓഫിസർ ശ്രീദേവി മധുസൂദനൻ, മലക്കപ്പാറ എസ്ഐ ടി. ശ്രീകുമാർ, ട്രൈബൽ ഓഫിസർ ശോഭന കുമാരി എന്നിവർ പ്രസംഗിച്ചു.

മൂന്നര പവൻ കവർന്ന

പ്രതിഷേധ കൂട്ടായ്മ ഇന്ന്

**<u>LED Training – EDP for Tribes</u>**

Kudumbashree Mission discussed with the director of RSETI and informed willingness to conduct training at tribal areas. DFO Sanctioned training hall and accommodation facilities at free of cost. Training conducted on 22.08.2016-27.08.2016 (6 days) at Vazhachal Dormittory hall. 35 members were successfully completed the 6 days training and its 12 days skill training will be start on 20th September.




**Inaugural Function by DFO Vazhachal**



**EDP participants**




## Certificate Distribution by VSS Secretary



# അതിരപ്പിള്ളി ആദിവാസി മേഖലയിൽ സംരംഭകത്വ വികസന പരിശീലനം

തൃശൂർ • കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാഴച്ചാൽ, പൊകലപ്പാറ, പെരിങ്ങൽക്കുത്ത്, വാച്ചുമരം ഊരുകളിലെ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് എൽഇഡി ബൾബുകൾ ഉണ്ടാക്കുന്ന സംരംഭം തുടങ്ങുന്നതിന് ആറു ദിവസത്തെ പരിശീലനം നൽകി.

കാനറ ബാങ്ക് റൂറൽ സെൽഫ് എംപ്ലോയ്മെന്റ് പരിശീലന സ്ഥാപനം നേതൃത്വം നൽകി.

പരിശീലനത്തിന്റെ ഉദ്ഘാടനം അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തങ്കമ്മ വർഗീസ് നിർവഹിച്ചു. വാഴച്ചാൽ ഡിഎഫ്ഒ എം.രാജേഷ് അധ്യക്ഷത വഹിച്ചു.

ജില്ലാ മിഷൻ കൺസൾട്ടന്റ് റെജി തോമസ്, വാർഡ് മെംബർമാരായ ചന്ദ്രിക, റിജേഷ്, വനസംരക്ഷണ സമിതി സെക്രട്ടറിമാരായ അനീഷ്, ഷൈൻമോൻ, സജി തുടങ്ങിയവർ പ്രസംഗിച്ചു.